# കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ചു കൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾക്കുള്ള പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ

വർദ്ധിച്ചുവരുന്ന Covid-19 വ്യാപനം തടയുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരീക്ഷയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരും, ഉദ്യോഗാർത്ഥികളും പാലിക്കേണ്ടതാണ്.

* Covid-19 ന്റെ വ്യാപനം തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ച എല്ലാ മാനദണ്ഡങ്ങളും സുരക്ഷാ ക്രമീകരണങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷാ നടത്തിപ്പിലും ബാധകമായിരിക്കും. പരീക്ഷയ്ക്കെത്തുന്ന എല്ലാ ഉദ്യോഗാർത്ഥികളും, പരീക്ഷാ ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ആരോഗ്യവകുപ്പ് പുറത്തിറക്കിയ സുരക്ഷാനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

* പരീക്ഷാ കേന്ദ്രത്തിലെത്തുന്ന ഉദ്യോഗാർത്ഥികളും ജീവനക്കാരും സാമൂഹിക അകലം പാലിക്കേണ്ടതും, മാസ്ക് ധരിക്കേണ്ടതുമാണ്.

* ക്വാറന്റീനിൽ കഴിയുന്ന ഉദ്യോഗാർത്ഥികൾ, അന്യ സംസ്ഥാനങ്ങളിൽ നിന്നും പ്രത്യേക അനുമതിയോടെ പരീക്ഷയ്ക്കെത്തുന്നവർ എന്നിവർ മതിയായ രേഖകൾ സഹിതം ഹാജരാകേണ്ടതാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തിയിട്ടുള്ള ക്വാറന്റീൻ കാലാവധി പൂർത്തിയാകാത്ത ഉദ്യോഗാർത്ഥികൾ, മറ്റു കോവിഡ് രോഗലക്ഷണങ്ങൾ ഉണ്ടെന്ന് ചീഫ് സൂപ്രണ്ടിന് ബോദ്ധ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾ എന്നിവരെ പ്രത്യേക മുറിയിൽ ഇരുത്തി പരീക്ഷ എഴുതിപ്പിക്കുന്നതാണ്. ടി ഉദ്യോഗാർത്ഥികൾ ചീഫ് സൂപ്രണ്ടിന്റെ നിർദ്ദേശം പാലിച്ചുകൊണ്ട് പരീക്ഷ എഴുതുവാൻ സന്നദ്ധരാകേണ്ടതാണ്.

* ഉദ്യോഗാർത്ഥികൾക്ക് ഇടയ്ക്കിടയ്ക്ക് കൈകൾ Sanitise ചെയ്യുന്നതിന് ചെറിയ സാനിറ്റൈസർ (Transparent Bottle) പരീക്ഷാഹാളിൽ കൊണ്ടുവരാവുന്നതാണ്.

* പരീക്ഷയ്ക്കെത്തുന്ന ഉദ്യോഗാർത്ഥികൾ അതാത് പരീക്ഷാകേന്ദ്രത്തിലെ അധികൃതർ നൽകുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് പരീക്ഷ എഴുതേണ്ടതാണ്.

* നിലവിലുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഉദ്യോഗാർത്ഥികൾക്ക് സുതാര്യമായ bottle-ൽ കുടിവെള്ളം കൊണ്ടുവരുവാൻ അനുവദിക്കാവുന്നതാണ്.

* പരീക്ഷയ്ക്കെത്തുന്ന ഉദ്യോഗാർത്ഥികളും ജീവനക്കാരും നിർബന്ധമായും തെർമൽ സ്കാനിങ്ങിന് വിധേയരാകേണ്ടതാണ്.

* ഉദ്യോഗാർത്ഥികൾ പരീക്ഷാകേന്ദ്രത്തിൽ കൂട്ടംകൂടി നിൽക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**കേരള പബ്ലിക് സർവീസ് കമ്മീഷൻ**
**സെക്രട്ടറിക്കുവേണ്ടി**